

# ക്ഷമ നിരസിച്ചു...

# ... അതിനാൽ നശിച്ചു!

**ഒ**രു യുവാവ് ചീട്ടു കളിക്കിടയിൽ ക്ഷമകെട്ട് എതിരാളിയെ വെടിവെച്ചു കൊലപ്പെടുത്തി. അവനെ അറസ്റ്റു ചെയ്ത്, വിചാരണ നടത്തി, ഒടുവിൽ മരണശിക്ഷയ്ക്കു വിധിച്ചു.

ഈ കേസിനെക്കുറിച്ച് അറിഞ്ഞ അവന്റെ സ്നേഹിതരും, ബന്ധുക്കളും, വാർത്ത കേട്ടറിഞ്ഞവരും, മുൻകാലങ്ങളിലെ അവന്റെ നല്ല ജീവിതം കണക്കിലെടുത്ത് അവന്റെ കുറ്റം ക്ഷമിച്ചുകൊടുക്കണമെന്ന് കാണിച്ച് അധികൃതർക്ക് ദയാഹർജി നൽകി.

അതിന്റെ ഫലമായി ക്രിസ്ത്യാനിയായ ഒരു മാന്യൻ ജയിലിൽ അവനെ കാണുവാൻ ചെന്നു. ഒരു പുരോഹിതന്റെ വേഷത്തിൽ അദ്ദേഹം നടന്നടുക്കുമ്പോൾ, മരണ അറയിൽ കിടന്ന തടവുകാരൻ അദ്ദേഹത്തിന്റെ വസ്ത്രധാരണം ദൂരെ നിന്നു കണ്ടു.

"ഇവിടുന്നു പോകൂ!" എന്ന് അവൻ അലറി പറഞ്ഞു. "എനിക്കു നിങ്ങളെ കാണേണ്ടാ? ഇത്തരം ഏഴുപേർ നേരത്തെ ഇവിടെ വന്നു കഴിഞ്ഞതാണ്. എന്റെ വീട്ടിൽ എനിക്ക് വേണ്ടുവോളം മതോപദേശങ്ങൾ കിട്ടിയിട്ടുള്ളതാണ്."

"യൗവ്വനക്കാരാ, ഒരു നിമിഷം നിൽക്കൂ," സന്ദർശകൻ മറുപടി പറഞ്ഞു, "നിന്നെ ഒരു നല്ല വാർത്ത അറിയിക്കുവാനുണ്ട് – ഏറ്റവും നല്ല വാർത്ത! ഞാൻ അതു പറയട്ടെ."

സന്ദർശകൻ താഴ്മയായി പറഞ്ഞിട്ടും, തടവുകാരൻ കൂടുതൽ ക്രുദ്ധനായി ആക്രോശിക്കുകയായിരുന്നു. ഞാൻ അങ്ങോട്ടു വന്നു പിടിച്ചു നിന്നെ പുറത്താക്കുമെന്നു ഭീഷണി മുഴക്കുകയും ചെയ്തു.

ഭാരമുള്ള ഒരു ഹൃദയവുമായി സന്ദർശകൻ തിരികെ നടന്നു.

അല്പസമയം കഴിഞ്ഞ് ജയിൽ വാർഡൻ പ്രത്യക്ഷപ്പെട്ടു. "കൊള്ളാം, യുവാവേ," "നിന്നെക്കാണുവാൻ ഗവർണ്ണർ വന്നിരുന്നു, ഇല്ലേ."

"എന്ത്?" തടവുകാരൻ ആശ്ചര്യപ്പെട്ടു. "പുരോഹിതന്റെ വേഷം ധരിച്ച അയാൾ യഥാർത്ഥത്തിൽ ***ഗവർണ്ണർ*** ആയിരുന്നോ?"

"അതെ"എന്നു വാർഡൻ മറുപടി പറഞ്ഞു, "നിനക്കു തരുവാൻ അദ്ദേഹം ഒരു ***ക്ഷമിക്കൽ*** ഉത്തരവുമായിട്ടാണ് വന്നത്, എന്നാൽ *നീ ഒന്നു കേൾക്കുവാൻ പോലും തയ്യാറായില്ല.*"

"എനിക്ക് ഒരു പേനായും കടലാസ്സും തരൂ," എന്ന് തടവുകാരൻ ഏറ്റവും വിഷണ്ണനായി പറഞ്ഞു. എന്നിട്ട് ഇരുന്ന് ഗവർണ്ണർക്ക് ഒരു ക്ഷമാപണക്കത്ത് എഴുതി.

ഗവർണ്ണർ കത്തു വായിച്ചശേഷം അതിന്റെ പുറത്ത് എഴുതി, "ഇനിമേൽ ഈ കേസിൽ താല്പര്യമില്ല."

ആ യുവാവിനെ തൂക്കിക്കൊല്ലുന്ന ദിനത്തിൽ "എന്തെങ്കിലും പറയാനുണ്ടോ"? എന്ന് അയാളോടു ചോദിച്ചു.

"ഉണ്ട്,"അയാൾ മറുപടി പറഞ്ഞു, "എല്ലായിടവുമുള്ള യുവാക്കളോട് ഈ വിവരം പറയുക, ഞാൻ കുറ്റം ചെയ്തതുകൊണ്ടു മരിക്കുകയല്ല; ഞാൻ മരിക്കുന്നത് ഒരു കൊലപാതകി ആയതുകൊണ്ടുമല്ല; എനിക്കു ജീവിക്കാമായിരുന്നു. ***ഗവർണ്ണറുടെ ക്ഷമ*** ഞാൻ നിരസിച്ചതുകൊണ്ടു മാത്രം."

എന്റെ സ്നേഹിതാ, നീ നാശകരമായ ഒരു അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നുവെങ്കിൽ അത് നിന്റെ കുറ്റം കൊണ്ടല്ല – നിന്നിൽ വന്നുപോയിട്ടുള്ള ഭയാനകമായ തെറ്റുകൾ ക്ഷമിക്കുവാനായി ദൈവപുത്രനായ യേശുക്രിസ്തു ഭൂമിയിലേക്കു വരികയും, ക്രൂശിൽ കഷ്ടത അനുഭവിച്ച്, രക്തം ചൊരിഞ്ഞ് നിനക്കു വരേണ്ടുന്ന ശിക്ഷ അവിടുന്ന് ഏറ്റെടുത്തതിന്റെ ഫലമായി, നിനക്ക് വിടുതൽ കിട്ടുവാനുള്ള സാദ്ധ്യത നീ തള്ളിക്കളഞ്ഞിരിക്കുന്നതുകൊണ്ടു മാത്രം! നീ നരകത്തിൽ ചെ

ന്നുപെടുന്നുവെങ്കിൽ, യേശുക്രിസ്തുവിന്റെ മരണത്തിന്റെ അടിസ്ഥാനത്തിലുള്ള ***ദൈവത്തിന്റെ ക്ഷമ*** നിരസിച്ചതുകൊണ്ട് അത്രേ.

*"ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന്നു നീതിമാനായി നീതി കെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു ... അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിൽ കയറി"* (1 പത്രോസ് 3:18; 2:24).

*"ദൈവത്തിന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു..... നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു"* (1 യോഹ 1: 7,9).

*"അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു"* (യോഹ 3:18).

തീരുമാനം നിങ്ങളുടേതാണ്! ***ദൈവത്തിന്റെ പാപക്ഷമ*** സ്വീകരിച്ച് "അനന്തമായ ശിക്ഷാവിധിയിൽ നിന്നും രക്ഷപ്പെട്ട്" നിത്യത സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം ചെലവിടുകയോ, ***ദൈവത്തിന്റെ പാപക്ഷമ*** അവഗണിച്ചും നിരസിച്ചും നിത്യമായ ന്യായവിധിയിൽ നശിച്ചുപോകയോ ചെയ്യാം.

നിങ്ങൾ എവിടെ ആയിരിക്കും ? ? ?


## പ്രത്യാശാദീപം
**മേഴ്സിഹോം, ചേപ്പാട് പി.ഒ**
**ആലപ്പുഴ ജില്ല 690 507**